**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**
**07 SEPTEMBER 2018**
**(26 Dhul-Qaddah 1439 AH)**

# INVOCATIONS IN ISLAM
# ഇസ്ലാമിലെ പ്രാർത്ഥനകൾ

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ഇസ്ലാമിലെ പ്രാർത്ഥനകൾ** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുക യുണ്ടായി.

അവനിലേക്ക് അടുക്കുവാനുള്ള വഴി അന്വേഷിക്കുക 5;36 യാ അല്ലാഹ് ! നീ മാപ്പ് ചെയ്യുന്നവനാണ്. മാപ്പ് ചെയ്യുന്നത് നീ ഇഷ്ടപ്പെടുന്നു. അതു കൊണ്ട് നീ എനിക്ക് മാപ്പ് ചെയ്താലും ആമീൻ.

ദുആ എന്നത് ഒരു യാചനയാണ്, പ്രാർത്ഥനയാണ്, അഭ്യർത്ഥനയാണ്, നാം നടത്തുന്ന ഒരർത്ഥന, മുസ്ലിം സമുദായം നടത്തുന്ന അർത്ഥന, അല്ലാഹുവിനോട് നടത്തുന്ന അർത്ഥന, നമ്മുടെ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുവാനായി, അവന്റെ അനുഗ്രഹങ്ങൾ നമുക്ക് നല്കുവാനായി, നമ്മുടെ പാപങ്ങൾ പൊറുക്കുവാനായി, നമ്മുടെ പ്രയാസങ്ങളെ അതിജീവിക്കുവാനായി, നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കുവാനായി, നമ്മുടെ തെറ്റുകൾ തിരുത്തുവാനായി, നേർപാതയിൽ നമ്മെ നടത്തുവാനായി, നമ്മുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കുവാനായി, നല്ലതും ചീത്തയും തിരിച്ചറിയുവാനായി, ശരിയായ പാതകണ്ടെത്തുവാനായി, സർവോപരി ആന്തരിക സമാധാനത്തിനായി, അവനുമായി കൂടുതൽ അടുക്കുന്നതിനായി (നാം പ്രാർത്ഥനയെ ഉപയോഗപ്പെടുത്തുന്നു)

എല്ലാ പ്രവാചകന്മാരുടെയും എല്ലാ യഥാർത്ഥ വിശ്വാസികളുടെയും ഇഷ്ടപ്പെട്ട ആയുധമാണ് പ്രാർത്ഥന. അവരുടെ മേൽ ഏല്പിക്കപ്പെട്ട പ്രയാസകരമായ ജോലി നടപ്പിൽ വരുത്തുന്നതിന്നായി അവർ നേരിടാൻ

പോകുന്ന പരീക്ഷകളെ സഹിഷ്ണുതയോടെ നേരിടുന്നതിനായി, അല്ലാഹുവിന്റെ പ്രവാചകന്മാരും, സ്വാതികരായ ആളുകളും കഴിഞ്ഞ കാലഘട്ടങ്ങളിൽ എല്ലാവിധ അഗ്നിപരീക്ഷണങ്ങളും നേരിട്ടവരാണ്. അവരെ സഹായിക്കുന്നതിനായി, അവരെല്ലാവരും അല്ലാഹുവിനോട് പ്രാർത്ഥനകൾ നടത്തിയവരാണ്, അതുപോലെ ഈ കാലഘട്ടത്തിലും വരും കാലഘട്ടങ്ങളിലും അത്തരം അല്ലാഹുവിന്റെ പ്രതിനിധികളും സ്വാതികരും ഉണ്ടാകുന്നുതാണ്. അവരും അല്ലാഹുവിനോട് യാചന നടത്തുന്നവരാണ്. അർത്ഥന നടത്തുന്നവരായിരിക്കും. അവർ നേരിടുന്ന നേരിടാൻ പോകുന്ന അഗ്നിപരീക്ഷകളെ അതിജയിക്കുവാനായി, വിവിധങ്ങളായ, വിശുദ്ധഖുർആനിലെ വചനങ്ങളിലൂടെ, നാം മനസ്സിലാക്കുന്നു എങ്ങനെയാണ് പ്രവാചകന്മാരായ ഹസ്രത് നൂഹ്(അ) ഇബ്റാഹിം(അ) മൂസ (അ) അയ്യൂബ്(അ) സക്കരിയ്യാ(അ) മറ്റു ദുതന്മാരും, പ്രാർത്ഥിച്ചതെന്ന്, വിശിഷ്യാ അവർ അവരുടെ ജീവിതത്തിൽ നേരിട്ട പ്രയാസഘട്ടങ്ങളിൽ!

എല്ലാ സാഹചര്യങ്ങളിലും അല്ലാഹുവിന്റെ സഹായം തേടുവാൻ ഖാത്തമുനാബിയ്യീൽ ആയ ഹസ്രത് മുഹമ്മദ്(സ) വളരെ ശക്തമായ നിലയിൽ വിശ്വാസികളെ പ്രേരിപ്പിച്ചുകൊണ്ടിരുന്ന കാര്യം വിശുദ്ധഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നു. നിങ്ങൾ ഏതൊരു കാര്യത്തിനൊരുങ്ങുമ്പോഴും നിങ്ങൾക്ക് എളുപ്പത്തിൽ ചെയ്യാവുന്ന ഒരു ദുആ നമ്മെ പഠിപ്പിച്ചിരിക്കുന്നു. ബിസ്മില്ലാഹ് മനുഷ്യനും അവന്റെ സൃഷ്ടാവും തമ്മിലുള്ള നല്ല ബന്ധത്തിന്, സമ്പൂർണ്ണമായ ബന്ധത്തിന്, ആരോഗ്യപൂർണമായ ബന്ധത്തിന് ഈ ദുആ ഏറ്റവും നല്ല വഴിയാണ്. വിശ്വാസം എന്ന ആശയത്തിന്റെ പേരാണിത്. മാനവകുലത്തിന്റെ അഗ്രിമസ്ഥാനത്തു നില്ക്കുന്ന പ്രവാചകന്മാർ പോലും അല്ലാഹു(ത) യുമായുള്ള അവരുടെ ബന്ധം, അവനുമായുള്ള ബന്ധം സദാസമയവും താവളമടിച്ചത് പ്രസ്തുത പ്രാർത്ഥനകളിലൂടെയാണ്.

ഒരു സാഹചര്യത്തിലും ഈ ആരാധനയ്ക്ക ഭംഗമേല്ക്കരുത്. നമസ്ക്കാരത്തിനും ഖുർആൻ പാരായണത്തിനും ശേഷമുള്ള ഏറ്റവും മഹത്വമേറിയതും ഏറ്റവും ശ്രേഷ്ഠമായതുമായ ആരാധനയാണിത്. ഇതിന്റെ പ്രാധാന്യത്തെകുറിച്ച് നിങ്ങൾ ചിന്തിച്ചാൽ, നിങ്ങൾക്ക് മനസ്സിലാകും, അതായത് സ്വലാത്ത് (പ്രാർത്ഥന) അതിൽ കൂടുതലും ഖുർആൻ വചനങ്ങളായിരിക്കും ദുആ ആയി പറയപ്പെടുന്നത്. നമ്മുടെ സലാത്തിനെ

അലങ്കരിക്കുന്നത് ദുആകൾ കൊണ്ടാണ്. ദുആ യെ പറ്റി പരിശുദ്ധ പ്രവാചകൻ(സ) പറഞ്ഞതും വ്യക്തമാക്കിയതും എത്രമാത്രം ശരിയാണെന്നു നോക്കൂ. ദുആ ആരാധനയുടെ സത്തയാകുന്നു. (തിർമിദി) ഏതു സമയത്തും ദുആകൾ ചെയ്യേണ്ടതിന്റെ ആവശ്യമെന്താണ്? വിവിധഹദീസുകളിലൂടെ അത് അംഗീകരിച്ചതെന്തുകൊണ്ടാണ്?

അല്ലാഹുവിലുള്ള വിശ്വാസം പ്രകടിപ്പിക്കുവാനാണ്, ദുആ നാം ചെയ്യേണ്ടതായി വരുന്നത്, നമ്മുടെ ഉള്ളിൽ പ്രസ്തുത വിശ്വാസം സജീവമായി നിലനിർത്തുവാനും അത് പ്രവർത്തിപ്പിക്കുവാനും പ്രസ്തുത ദുആ അത്യന്താപേക്ഷിതമാകുന്നു. എല്ലാ സമയത്തും അത് പുതുക്കുന്നതിലും സുദൃഢതരത്തിൽ അതിനെ ഏകോപിപ്പിക്കുന്നതിനും ദുആ അനിവാര്യഘടകമായി വരുന്നു. അതുകൊണ്ടാണ് പ്രവാചകവചനത്തിൽ പറഞ്ഞിരിക്കുന്നത്, ദുആ ആരാധനയുടെ സത്താകുന്നു എന്ന് സാഹിത്യഭാഷയിൽ പറഞ്ഞാൽ ബോൺമാരോ അഥവാ മജ്ജ എന്നുപറയുന്നത്. ആരാധനയ്ക്കുള്ള കീഴടങ്ങലും ചിന്തയും രൂപമെടുക്കുകയും നാമവിടെ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുന്നു. അല്ലാഹു(ത) യെ ജാഗ്രതയോടെ വീക്ഷിക്കുന്നു എന്നിട്ട് നാമവനെ നമ്മുടെ ഹൃദയകണ്ണുകൊണ്ട് വീക്ഷിക്കുന്നു. ചിന്തിക്കുന്നു. പാരമ്പര്യമായി കിട്ടിയ നിസ്സാരമായ ഒരാചാരമായി ദുആയെ പരിഗണിക്കരുത്. കണക്കാക്കരുത്. അത് വെറുതെ കൈഉയർത്തുകയും ആകാശത്തിന്റെ നേരെ തിരിഞ്ഞ്, ചിലവാക്കുകൾ ഉരുവിടുകയും ചെയ്യലല്ല, അങ്ങനെ ആചാരപരമായി ചെയ്യുമ്പോൾ അവന്റെ കണ്ണുകൾ ഇടത്തും വലത്തും അലഞ്ഞു തിരിയുകയും, മറ്റുള്ളവരുടെ കാര്യങ്ങളിൽ ചാരവൃത്തി നടത്തുകയും ചെയ്യുന്നു.

ദുആ എന്നാൽ മനുഷ്യനും അവന്റെ സൃഷ്ടാവും നേരിട്ടുള്ള ആശയവിനിമയമാകുന്നു. ഇത്തരം സന്ദർഭത്തിൽ സമ്പൂർണ്ണമായും അവന് മറ്റൊരു ചിന്തയുമുണ്ടായിരിക്കില്ല. അവന്റെ ഭാഷയിൽ അവൻ അല്ലാഹുവിനോട് സംസാരിക്കുന്നു. അവന്റേതായ രീതിയിൽ, അവന് അനുയോജ്യമായ നിലയിൽ, അല്ലാഹുമായി ഇത്തരം അർത്ഥനകൾ നടത്തുവാൻ പറ്റിയ ഏറ്റവും നല്ല അവസരം, സമയം, സ്ഥലം അവൻ സാഷ്ടാംഗ പ്രണാമത്തിലായിരിക്കുമ്പോഴാണ് അവന് കഴിയുന്നിടത്തോളം സമയം സാഷ്ടാംഗ പ്രണാമത്തിൽ കഴിയാവുന്നതും അർത്ഥനകൾ ധാരാളമായി നടത്താവുന്നതുമാണ്. അവന്റെ രക്ഷിതാവിന്റെ മുൻപിൽ അവൻ ഏറ്റവും താണവനാണ് എന്ന അവസ്ഥയിലാണവൻ. അത് പള്ളിയിലാണെങ്കിലും

ശരി, വീട്ടിലാണെങ്കിലും ശരി, ഫര്‍സ്നമസ്ക്കാരങ്ങളിലും, സുന്നത്തു നമസ്ക്കാരങ്ങളിലും, നഫ്ല്‍ നമസ്ക്കാരങ്ങളിലും ഇത് ചെയ്യാവുന്നതാണ്. അവന്റെ വേദനകള്‍ എടുത്തുവെയ്ക്കാം, അവന്റെ സന്തോഷങ്ങള്‍ സമര്‍പ്പിക്കാം അവന് (അല്ലാഹു) നല്കിയ അനുഗ്രഹങ്ങളെ അനുസ്മരിക്കാം, അതിന് നന്ദി രേഖപ്പെടുത്താം. അവന്റെ മഹത്വത്തെ പ്രകീര്‍ത്തനം ചെയ്യാം. അവന് സ്തുതികളര്‍പ്പിക്കാം. കാരണം ഇത് അത്തരം ഒരു അവസ്ഥയിലാണ്, അവനെ അവന്‍ സ്വയം സമര്‍പ്പിച്ചിരിക്കുകയാണ്, ഭൂമിയേക്കാളും താഴെ ആത്മീയമായി അല്ലാഹു(ത) അവനെ ഉയര്‍ത്തുമെന്ന് അവന്‍ പ്രതിക്ഷീക്കുന്നു. അവന് ബഹുമതികള്‍ ലഭിക്കുമെന്ന് കരുതുന്നു. മാത്രമല്ല, ഇപ്പോള്‍ ഞാന്‍ പറഞ്ഞതുപോലെ, അവന്റെ ഇരുകൈകളും ഉയര്‍ത്തി അല്ലാഹുവിനോട് പ്രാര്‍ത്ഥിക്കാം, എന്നാല്‍ ഇതവന്‍ ചെയ്യേണ്ടത് തീഷ്ണവികാരത്തോടെ ആയിരിക്കണം. അല്ലാഹുവില്‍ നിന്നുള്ള അഭയവും സഹായവും അന്വേഷിച്ചായിരിക്കണം. അതിന് അവന് നന്ദി പറയുകയും അവനോട് നന്ദിയുള്ളവനായിരിക്കുകയും ചെയ്യണം. അവന്‍ അവന്റെ ദുആയില്‍ ശ്രദ്ധ കേന്ദ്രീകരിക്കുകയും, അവന് സൗഖ്യം നല്കുന്ന ഏതവസ്ഥയിലും, അത് നിന്നുകൊണ്ടോ, ഇരുന്ന് കൊണ്ടോ, അല്ലെങ്കില്‍ കിടന്നുകൊണ്ടോ, അല്ലാഹുവിനെ സ്മരിക്കുന്നത് ഏതവസ്ഥയിലാണോ, അതേ അവസ്ഥയില്‍, അല്ലാഹുവിനെ സ്മരിക്കുന്നത് ജീവസ്സുറ്റതായി ഹൃദയത്തില്‍ നിലനിര്‍ത്തണം. അവന്റെ ഹൃദയം ആത്മാവ്, അവന്റെ ശാരീരിക നാവ്, ആത്മീയനാവ്, അത് പതിഞ്ഞ സ്വരത്തില്‍ ആയിരിക്കണം. അങ്ങനെ ആയാല്‍ മാറ്റാര്‍ക്കും യാതൊരു ബുദ്ധിമുട്ടും വരില്ല അഥവാ ഹൃദയം കൊണ്ട് അല്ലാഹുവിനോട് പ്രാര്‍ത്ഥിക്കട്ടെ അവന്റെ സഹായവും തേജസ്സും, എല്ലാ സാഹചര്യങ്ങളിലും തേടട്ടെ അനേകം ഖുര്‍ആനിക വചനങ്ങളിലൂടെ, അല്ലാഹു(ത) അവന്‍ തന്നെ പറയുന്നു. വിശ്വാസികള്‍ പ്രാര്‍ത്ഥനകളാല്‍ അഭിസംബോധന ചെയ്തു കൊണ്ട്, അല്ലാഹുവിനോട് സഹായം തേടുവാന്‍ അങ്ങനെ ചെയ്താല്‍ അവരുടെ പ്രാര്‍ത്ഥനകള്‍ക്ക് അവന്‍ ഉത്തരം നല്കുന്നതാണ്.

എന്റെ ദാസന്മാര്‍, എന്നെ പറ്റി നിന്നോട് ചോദിച്ചാല്‍, ഞാന്‍ സമീപത്താണ്, എന്നോട് പ്രാര്‍ത്ഥിക്കുന്നവരോട് പ്രാര്‍ത്ഥനയ്ക്ക് ഉത്തരം നല്കുന്നവനാണ്. എന്നില്‍ വിശ്വസിക്കുക, അങ്ങനെതന്നെയായാല്‍ അവര്‍ നേര്‍മാര്‍ഗത്തിലായിതീരാം എന്ന് പറയുക 2:187. നിങ്ങളുടെ നാഥന്‍ പറയുന്നു. നിങ്ങള്‍ എന്നോട് പ്രാര്‍ത്ഥിക്കുക. ഞാന്‍ നിങ്ങള്‍ക്ക് ഉത്തരം

നല്കും. എന്നെ ആരാധിക്കുന്നതു വിട്ട് അഹംഭാവം കാണിക്കുന്നവർ നിന്ദ്യരായി. നരകത്തിൽ പതിക്കുക തന്നെ ചെയ്യും 40:61

വിശുദ്ധഖുർആനിലെ ഈ രണ്ടു വചനങ്ങൾ പഠിക്കേണ്ടതാണ്. ഓരോരുത്തരുടെയും ആത്മീയ മൂല്യമനുസരിച്ച് ദുആയുടെ പ്രാധാന്യത്തിന്റെ രണ്ടു വശങ്ങൾ അവ കാണിക്കുന്നു. ഒന്നാമത്തെ വചനത്തിൽ അല്ലാഹു(ത) തന്റെ ദാസന്മാരുടെ ദുഃഖത്തിൽ അനുതപിക്കുന്നു. അവരെ, അവൻ പ്രേരിപ്പിക്കുന്നു അവനോട് സങ്കടപ്പെട്ട് ആവശ്യപ്പെട്ടാൽ, അവൻ അവർക്ക് വാഗ്ദാനം ചെയ്യുന്നു. അവൻ അവരുടെ സഹായത്തിന് എത്തിച്ചേരുന്നതാണ് എന്നും അവരുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതാണ് എന്നും.

രണ്ടാമത്തെ വചനത്തിൽ, ദു ആയുടെ സമർപ്പണം ഒരു ആരാധനാ പ്രവർത്തി ആയിട്ടാണ്. അതിലൂടെ അവരുടെ അല്ലാഹുവിനോടുള്ള അവരുടെ ദാസ്യം പരീക്ഷിക്കപ്പെടുകയാണ്. അവനോട് അവർ ധിക്കാരപരമായ യാതൊന്നും ചെയ്തില്ല എന്ന് ഉറപ്പുവരുത്തുകയാണ്. അങ്ങനെയായാൽ അവൻറെ ഭയാനകമായ ശിക്ഷയ്ക്ക് അവർ അർഹരായിതീരുന്നതാണ്. ഈ ലോകത്ത് മോക്ഷം നേടുന്നതിന് ഫലപ്രദമായ ഒരു മാർഗമല്ലേ ഈ പ്രാർത്ഥന? എന്നാൽ പാരത്രീകലോകത്ത് ഇതിനേക്കാൾ എത്രയോ മഹത്തരമായ ഫലങ്ങൾ? സത്യവിശ്വാസിയും അവിശ്വാസിയും തമ്മിൽ വ്യക്തവും ശക്തവുമായ ഒരു വേർതിരിവിന്റെ അടയാളമല്ലെ ഈ പ്രാർത്ഥന? സ്വർഗ്ഗവും നരകവും തമ്മിൽ വേർതിരിക്കുന്ന വേർതിരിവ്!

വിശുദ്ധഖുർആനിൽ അല്ലാഹു(ത) പറയുന്നു. പറയുക നിങ്ങളുടെ പ്രാർത്ഥനകൾ ഇല്ലായിരുന്നുവെങ്കിൽ എന്റെ നാഥൻ നിങ്ങളെ എന്ത് വിലവെക്കാനാണ് എന്നാൽ നിങ്ങൾ (സത്യത്തെ നിഷേധിച്ചു കളഞ്ഞു) അതിനാൽ അത് ആ നിഷേധത്തിന്റെ ഫലമായുള്ള അത്യാപത്ത്) നിങ്ങളെ പിടികൂടുകകയും ചെയ്യും 26:78

ഈ വചനത്തിൽ നിന്നും മനസ്സിലാകുന്ന കാര്യം, അല്ലാഹു(ത) അവന്റെ ദാസരുമായി, അവനുമായി ബന്ധപ്പെടുന്നവരുമായി, ദുആയുമായി അവനുമായി ബന്ധസംസ്ഥാപിക്കുന്നവരുമായി, അവരുടെ ബന്ധത്തിന്റെ അളവനുസരിച്ച്, അവരുടെ സംരക്ഷണം ഏറ്റെടുക്കുന്നതാണ്. ചിലർ സ്വയം ചോദിക്കുന്നുണ്ട് മനുഷ്യനും സൃഷ്ടാവും തമ്മിൽ ദുആയിലൂടെ ഇത്രവലിയ ബന്ധമുണ്ടോ എന്ന്! തീർച്ചയായും. ദു ആ കളിലൂടെയുള്ള പ്രസ്താവന,

മനുഷ്യന്റെ വിചാരങ്ങളുടെ ജീവിക്കുന്ന പ്രകടനമാണ്, അല്ലാഹുവിനെ, അവന് ദൃഢമായും, ആവശ്യമുണ്ട്, അവന്റെ സമസ്ത കാര്യങ്ങൾക്കും, അവന്റെ ദാസ്യത്തിലൂടെ അവന്റെ ആഴത്തിലുള്ള നന്ദിപ്രകടനം പ്രകടിപ്പിക്കേണ്ടതുണ്ട്. അവനുമായുള്ള അവന്റെ ബന്ധം, രൂപം കൊള്ളുന്നത്, അവന്റെ ആത്മാർത്ഥമായ ബോധ്യത്തിലൂടെയാണ്. അവന്റെ നിലനില്പിന്റെ തന്നെ ആധാരമായ കാരണത്താൽ, അവനോടവൻ ചേർന്നുനില്ക്കുന്നു. പറയാതിരിക്കാൻ കഴിയില്ല, അതായത് ഒരാൾക്ക് സജീവമായ ഈ വിശ്വാസം നിലനിർത്തുവാൻ സാധിക്കുകയില്ല. കാരണം വിശ്വാസം, ചിന്ത അഥവാ ബോധ്യം മാത്രമെ നല്കുന്നുള്ളു. ഒരാൾക്ക് അഗാധമായ ബോധ്യമുണ്ടാകുമ്പോൾ, അതായത് സർവ്വശക്തമായ, അതിരുകളില്ലാത്ത, സമ്പൂർണ്ണമായ, അനന്തമായ ഒരു ശക്തി നിലനില്ക്കുന്നു എന്ന ഉത്തമ ബോധ്യത്തിനു മുൻപിൽ മനുഷ്യൻ താൻ ദുർബലനായി എന്നു മാത്രമല്ല വളരെ ദുർബലനായി, കഴിവില്ലാത്തവനായി, അശക്തനായി പ്രത്യക്ഷപ്പെടുന്നു അത് അവന്റെ നിലനില്പിനെ ന്യായീകരിക്കുന്നു. അല്ലെങ്കിൽ അല്ലാഹു(ത) യുടെ ഇച്ഛയുടെ തീരുമാനമായി, അത് സമ്പൂർണ്ണമായും അവന്റെ മാത്രം ഇച്ഛയുടെ പ്രതിഫലനമായി അവനെ അവൻ കാണുന്നു.

ഉപസംഹാരമായി, നമ്മുടെ വിശ്വാസത്തെ ശക്തിപ്പെടുത്തുവാനായി ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. നമ്മുടെ തെറ്റുകൾ നമുക്ക് മാപ്പു ചെയ്യുവാനായി പ്രാർത്ഥിക്കുന്നു. നേർവഴിയിൽ നടത്തുവാനായി അർത്ഥിക്കുന്നു. ആമീൻ ഇൻശാ അല്ലാഹ് അടുത്ത ആഴ്ച ഇതേ വിഷയം തുടരുന്നതാണ്.

**Translated & Issued By :**
**R. Jamaludin Raother**
**Amir - Jamaat Ul Sahih Al Islam**
**South Zone - Kerala, India**
**Ph : 9447001832, 0475-2252663**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**
**Blog : www.sahih-al-islam.blogspot.in**